# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.01.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. 2025–26 ലെ സാമ്പത്തിക സർവേ ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് പാർലമെന്റിൽ അവതരിപ്പിക്കും; കേന്ദ്ര ബജറ്റ് ഞായറാഴ്ച.

   **Finance Minister Nirmala Sitharaman will present the Economic Survey for 2025-26 in Parliament today; Union Budget on Sunday.**

2. സംസ്ഥാന ബജറ്റ് ധനമന്ത്രി കെ.എൻ.ബാലഗോപാൽ ഇന്ന് രാവിലെ 9 ന് നിയമസഭയിൽ അവതരിപ്പിക്കും; വികസന, ക്ഷേമപദ്ധതികൾക്കായി കാതോർത്ത് കേരളം.

   **State Budget will be presented in the Kerala Assembly by Finance Minister K.N.Balagopal at 9 am today; Kerala looks forward for boost to development and welfare initiatives**

3. രാജ്യത്തെ ഊർജ മേഖലയിൽ ആഗോള നിക്ഷേപം ക്ഷണിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി; ന്യൂഡൽഹിയിൽ ആഗോള ഊർജ കമ്പനികളുടെ സി.ഇ.ഒ മാരുമായി പ്രധാനമന്ത്രി സംവദിച്ചു.

   **Prime Minister Narendra Modi invites global investment in the country's energy sector; The Prime Minister interacted with CEOs of global energy sector in New Delhi.**

4. ഇന്നലെ വിമാനാപകടത്തിൽ അന്തരിച്ച മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാറിന്റെ സംസ്കാര ചടങ്ങുകൾ ഇന്ന് ബാരാമതിയിൽ;

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അടക്കമുള്ള പ്രമുഖർ പങ്കെടുക്കും.

**The funeral of Maharashtra Deputy Chief Minister Ajit Pawar, who passed away in a plane crash yesterday, will be held in Baramati today; Union Home Minister Amit Shah and other dignitaries will attend.**

5. റിപ്പബ്ലിക് ദിന പരേഡിലെ മികച്ച മാർച്ചിംഗ് കണ്ടിജന്റ് ആയി നാവികസേന തിരഞ്ഞെടുക്കപ്പെട്ടു; നിശ്ചലദൃശ്യങ്ങളിൽ കേരളത്തിന് മൂന്നാം സ്ഥാനം.

   **Indian Navy has been selected as the best marching contingent in the Republic Day Parade; Kerala has secured third place in tableau.**

6. സന്തോഷ് ട്രോഫി ഫുട്ബോളിൽ ക്വർട്ടർ ലക്ഷ്യമിട്ട് കേരളം ഇന്ന് മേഘാലയയെ നേരിടും.

   **Kerala will face Meghalaya today, aiming for the quarterfinals in the Santosh Trophy football.**

❁❁❁❁❁❁❁❁❁❁❁❁❁

## ECONOMIC SURVEY ( INTRO)

2025-26 ലെ സാമ്പത്തിക സർവേ കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് പാർലമെന്റിൽ അവതരിപ്പിക്കും. ഫെബ്രുവരി ഒന്ന് - ഞായറാഴ്ചയാണ് കേന്ദ്ര ബജറ്റ്. ചരിത്രത്തിൽ ആദ്യമായാണ് ഞായറാഴ്ച കേന്ദ്ര ബജറ്റ് അവതരിപ്പിക്കുന്നത്.

ഒരു റിപ്പോർട്ട്....

( വോയിസ്....)

## ECONOMIC SURVEY (VOICE)

മുഖ്യ സാമ്പത്തിക ഉപദേഷ്ടാവിന്റെ മാർഗനിർദേശപ്രകാരം ധനമന്ത്രാലയത്തിന്റെ സാമ്പത്തിക കാര്യ വകുപ്പാണ് സാമ്പത്തിക സർവേ തയ്യാറാക്കുന്നത്. രാജ്യത്തിന്റെ നിലവിലെ സാമ്പത്തിക

സ്ഥിതിയുടെയും ഭാവി കാഴ്ചപ്പാടുകളുടെയും സമഗ്രമായ അവലോകനമാണ് സാമ്പത്തിക സർവേ. 2017 മുതൽ ഫെബ്രുവരി ഒന്നിന് കേന്ദ്ര ബജറ്റ് അവതരിപ്പിക്കുന്ന രീതി ഇത്തവണയും തുടരാൻ കേന്ദ്ര സർക്കാർ തീരുമാനിക്കുകയായിരുന്നു. ഇന്ത്യയുടെ ഒരു ധനമന്ത്രി തുടർച്ചയായി അവതരിപ്പിക്കുന്ന ഒൻപതാമത് ബജറ്റ് എന്ന പ്രത്യേകത ഞായറാഴ്ച അവതരിപ്പിക്കുന്ന കേന്ദ്ര ബജറ്റിനുണ്ട്. പുതിയ സെൻട്രൽ വിസ്റ്റയുടെ ഭാഗമായ കർത്തവ്യ ഭവനിൽ തയ്യാറാക്കുന്ന ആദ്യ ബജറ്റാണ് ശ്രീമതി നിർമല സീതാരാമൻ അവതരിപ്പിക്കുന്നത്. ബജറ്റ് പ്രഖ്യാപനങ്ങൾ വരാനിരിക്കുന്നതോടെ ഞായറാഴ്ച ഓഹരി വിപണിയും സജീവമായിരിക്കും. 30 സിറ്റിങ്ങുകൾ ഉള്ള പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന്റെ ആദ്യ ഘട്ടം അടുത്ത മാസം 13 വരെയും രണ്ടാം ഘട്ടം മാർച്ച് 9 മുതൽ ഏപ്രിൽ 2 വരെ നടക്കും. **ന്യൂസ്ഡെസ്ക് ആകാശവാണി.....**

❁❁❁❁❁❁❁❁❁❁❁❁❁

## <u>PM – CEOs</u>

ഇന്ത്യ ഊർജവാരം 2026 ന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഊർജ മേഖലയിൽ പ്രവർത്തിക്കുന്ന ആഗോള കമ്പനിക ളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുമായി ന്യൂഡൽഹിയിൽ സംവദിച്ചു. ഇന്ത്യയുടെ ശക്തമായ സാമ്പത്തിക വളർച്ചയെ ചൂണ്ടിക്കാട്ടിയ അദ്ദേഹം, രാജ്യം അതിവേഗം ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറുകയാണെന്നും ആഗോള ഊർജ മേഖലയിൽ നിർണായക പങ്ക് വഹിക്കുമെന്നും വ്യക്തമാക്കി. രാജ്യത്തെ ഊർജ മേഖലയിലെ നിക്ഷേപ സാധ്യതകളിലേക്ക് ശ്രദ്ധ ക്ഷണിച്ച പ്രധാനമന്ത്രി, സർക്കാർ നടപ്പാക്കിയ നിക്ഷേപക സൗഹൃദ നയ പരിഷ്കാരങ്ങൾ വിശദീകരിച്ചു. വാതകാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ, എണ്ണ ശുദ്ധീകരണം, കപ്പൽ നിർമാണം ഉൾപ്പെടെയുള്ള ഊർജ മൂല്യ ശൃംഖലയിലുടനീളം വലിയ അവസരങ്ങളുണ്ടെന്ന് പ്രധാനമന്ത്രി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## PM - NCC (INTRO)

രാജ്യത്തിന്റെ ശക്തിയും സായുധ സേനയുടെ വീര്യവും തെളിയിച്ച ഓപ്പറേഷൻ സിന്ദൂർ തദ്ദേശീയ ആയുധങ്ങളുടെ കരുത്ത് പ്രകടമാക്കിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ ദൗത്യത്തിൽ രാജ്യത്തെ എൻ.സി.സി കേഡറ്റുകൾ നടത്തിയ സന്നദ്ധസേവനത്തെ പ്രധാനമന്ത്രി അഭിനന്ദിച്ചു. ന്യൂഡൽഹിയിൽ നടന്ന വാർഷിക എൻ.സി.സി റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ബൈറ്റ്)

☸☸☸☸☸☸☸☸☸☸☸☸☸

## BUDGET- DESK (INTRO)

നിയമസഭാ തെരഞ്ഞെടുപ്പ് അടുത്തിരിക്കെ രണ്ടാം പിണറായി സർക്കാരിൻറെ അവസാന ബജറ്റ് ഇന്ന് ധനമന്ത്രി കെഎൻ ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിക്കും. ശ്രീ കെ എൻ ബാലഗോപാൽ അവതരിപ്പിക്കുന്ന ആറാമത്തെ ബജറ്റാണിത്. വികസനത്തിനും ക്ഷേമത്തിനും ഒരു പോലെ പ്രാധാന്യം നൽകുന്ന ബജറ്റായിരിക്കും ഇത്തവണത്തേതെന്നാണ് സൂചന. രാവിലെ 9 നാണ് ബജറ്റവതരണം.

**വിശദാംശങ്ങളിലേയ്ക്ക്.....**

(വോയിസ്)

## BUDGET- DESK (VOICE)

നിരക്കു വർധനകളില്ലാതെയുള്ള ജനപ്രിയ ബജറ്റായിരിക്കും ഇത്തവണത്തേത് എന്നാണ് പ്രതീക്ഷ. വയോജനങ്ങളുടെ എണ്ണം കൂടുന്നതനുസരിച്ചുള്ള ക്ഷേമപദ്ധതികൾക്ക് ബജറ്റിൽ ഊന്നൽ നൽകിയേക്കും. പ്രവാസിപണം കാര്യക്ഷമമായി വിനിയോഗിക്കാനും പദ്ധതികളുണ്ടാകും. അതിദാരിദ്ര്യ നിർമാർജനത്തിൻറെ

തുടർച്ചയായി കേവല ദാരിദ്ര്യ നിർമാർജനം ലക്ഷ്യമാക്കിയുള്ള പ്രഖ്യാപനങ്ങൾക്ക് സാധ്യതയുണ്ട്. ശമ്പളപരിഷ്കരണ പ്രഖ്യാപനം, പുതിയ പെൻഷൻ പദ്ധതി, ക്ഷേമ പെൻഷൻ വർധന തുടങ്ങിയവയും പ്രതീക്ഷിക്കുന്നു. റബറിൻറെ താങ്ങുവിലകൂട്ടണമെന്ന ആവശ്യവും, നാളികേരം, നെല്ല് കർഷകർക്കായുള്ള പ്രത്യേക പാക്കേജും പരിഗണയിലുണ്ട്. 'ലൈഫ് മിഷൻ' പദ്ധതിയുടെ അടുത്തഘട്ടത്തിനായി തുക വകയിരുത്തും. വീട്ടമ്മമാർക്ക് പെൻഷൻ, ക്ഷേമ പെൻഷൻ വർധന, ഉദ്യോഗാർഥികൾക്കുള്ള സ്റ്റൈപ്പൻറ് അടക്കം ക്ഷേമാനുകൂല്യങ്ങൾ സർക്കാർ നേരത്തെ പ്രഖ്യാപിച്ചിരുന്നു.

**ന്യൂസ് ഡെസ്ക് ആകാശവാണി......**

❁❁❁❁❁❁❁❁❁❁❁❁❁

## KERALA – ECONOMIC SURVEY

2024-25 ൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചനിരക്കിൽ നേരിയ കുറവുണ്ടായെന്ന് സാമ്പത്തികാവലോകന റിപ്പോർട്ട്. മുൻവർഷത്തെ 6.73 ശതമാനത്തിൽ നിന്ന് 6.19 ശതമാനമായാണ് വളർച്ചനിരക്ക് കുറഞ്ഞത്. ഇന്ന് ബജറ്റ് അവതരിപ്പിക്കാനിരിക്കെ സാമ്പത്തികാവലോകന റിപ്പോർട്ട് ധനമന്ത്രി കെ.എൻ.ബാലഗോപാൽ നിയമസഭയിൽ സമർപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## AJIT PAWAR – FUNERAL

ഇന്നലെ വിമാനാപകടത്തിൽ അന്തരിച്ച മഹാരാഷ്ട്ര ഉപമുഖ്യമന്ത്രിയും NCP മുതിർന്ന നേതാവുമായ അജിത് പവാറിന്റെ സംസ്കാര ചടങ്ങുകൾ ഇന്ന് രാവിലെ 11 മണിയ്ക്ക് പൂനെയിലെ ബാരാമതിയിൽ നടക്കും. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ്, സംസ്ഥാന മന്ത്രിസഭയിലെ അംഗങ്ങൾ തുടങ്ങിയവർ സംസ്കാര ചടങ്ങിൽ പങ്കെടുക്കും. ഉപമുഖ്യമന്ത്രിയുടെ മരണത്തെ തുടർന്ന് മഹാരാഷ്ട്ര

സർക്കാർ മൂന്ന് ദിവസത്തെ സംസ്ഥാന ദുഃഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്.

## BEATING RETREAT

77-ാമത് റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ സമാപനം കുറിക്കുന്ന ബീറ്റിംഗ് റിട്രീറ്റ് ചടങ്ങ് ഇന്ന് ന്യൂഡൽഹിയിലെ വിജയ് ചൗക്കിൽ നടക്കും. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ പങ്കെടുക്കും. കര , നാവിക, വ്യോമസേന വിഭാഗങ്ങളുടെയും കേന്ദ്ര സായുധ പോലീസ് സേനയുടെയും ബാൻഡുകൾ ചടങ്ങിന്റെ ഭാഗമാകും.

## R-DAY PARADE RESULTS

ഇൗവർഷത്തെ റിപ്പബ്ലിക്ദിന പരേഡിലെ ഏറ്റവും മികച്ച മാർച്ചിംഗ് കണ്ടിജന്റായി ഇന്ത്യൻ നാവികസേനയെ തിരഞ്ഞെടുത്തു. കേന്ദ്ര സായുധ പൊലീസ് സേനകളിലും ഇതര സഹായ സേനകളിലും ഡൽഹി പൊലീസ് അവാർഡ് നേടി. നിശ്ചലദൃശ്യങ്ങളിൽ കേരളം മൂന്നാംസ്ഥാനം കരസ്ഥമാക്കി. വാട്ടർ മെട്രോയും 100 ശതമാനം ഡിജിറ്റൽ സാക്ഷരതയും അവതരിപ്പിച്ച് ആത്മനിർഭർ ഭാരതിന് ആത്മനിർഭർ കേരളം എന്ന ആശയത്തിനാണ് കേരളം ദൃശ്യാവിഷ്കാരം നൽകിയത്.

## LOKAKERALA SABHA

ലോക കേരളസഭയുടെ അഞ്ചാം സമ്മേളനത്തിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഞായറാഴ്ച വരെയാണ് സമ്മേളനം. 125 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കും.

## GEORGE KURIAN

ഏഴാമത് ഇന്ത്യ ഇൻറർനാഷണൽ കടൽപായൽ ഉച്ചകോടിയും പ്രദർശനവും ഇന്ന് കൊച്ചിയിൽ ആരംഭിക്കും. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ നടക്കുന്ന രണ്ട് ദിവസത്തെ ഉച്ചകോടി കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

## KERALA-RRTS

തിരുവനന്തപുരം മുതൽ കാസർകോട് വരെ 583 കിലോമീറ്റർ നീളുന്ന റീജിയണൽ റാപിഡ് ട്രാൻസിറ്റ് സിസ്റ്റം പദ്ധതിക്ക് സംസ്ഥാന മന്ത്രിസഭായോഗം തത്വത്തിൽ അംഗീകാരം നൽകി. ഡി.പി.ആർ സമർപ്പിച്ചാൽ പദ്ധതി ഗൗരവമായി പരിഗണിക്കാമെന്ന കേന്ദ്രനിലപാടിന്റെ പശ്ചാത്തലത്തിലാണ് നടപടി.ഡൽഹി–മീററ്റ് കോറിഡോർ മാതൃകയിൽ മണിക്കൂറിൽ 160 മുതൽ 180 കിലോമീറ്റർ വരെ വേഗമുള്ള ട്രെയിനുകളാണ് പദ്ധതിയുടെ പ്രത്യേകത. കേരളത്തിന്റെ ജനസാന്ദ്രതയും ഭൂപ്രകൃതിയും പരിഗണിച്ച് ഭൂരിഭാഗവും തൂണുകളിലൂടെയും തുരങ്കങ്ങളിലൂടെയുമാണ് പാത വിഭാവനംചെയ്യുന്നത്. നാല് ഘട്ടങ്ങളിലായി പൂർത്തിയാക്കുന്ന പദ്ധതി 2033 ഓടെ സജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്.

## CRICKET TEAM- ADN (INTRO)

ഇന്നലെ വിശാഖപട്ടണത്ത് നാലാം ടി–ട്വന്റിയിൽ ന്യൂസിലൻഡിനെതിരെ ഇന്ത്യക്ക് 50 റൺസിന്റെ തോൽവി. ശനിയാഴ്ച തിരുവനന്തപുരത്തു നടക്കുന്ന ഇന്ത്യ ന്യൂസിലാന്റ് അഞ്ചാം ട്വന്റി -20 മൽസരത്തിനായി ഇരു ടീമുകളും ഇന്ന് വൈകിട്ട് തിരുവനന്തപുരത്തെത്തും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ **സ്മിതി എം പള്ളുരുത്തി......**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോളിൽ ക്വർട്ടർ ലക്ഷ്യമിട്ട് കേരളം ഇന്ന് മേഘാലയയെ നേരിടും. ഉച്ചക്ക് 2 മണിക്കാണ് മത്സരം. ഗ്രൂപ്പ് ബി - യിൽ 7 പോയിന്റുമായി കേരളമാണ് മുന്നിൽ.

❁❁❁❁❁❁❁❁❁❁❁❁❁

## PIB FACTCHECK- INVESTMENT

ദിവസേന വരുമാനം വാഗ്ദാനം ചെയ്യുന്ന നിക്ഷേപ പദ്ധതികളെ രാഷ്ട്രപതി ദ്രൗപദി മുർമു പ്രോത്സാഹിപ്പിക്കുന്നുവെന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വിവരങ്ങൾ അടിസ്ഥാന രഹിതമെന്ന് കേന്ദ്രസർക്കാർ. പ്രചരിക്കുന്ന ദൃശ്യങ്ങൾ നിർമിതബുദ്ധി ഉപയോഗിച്ച് നിർമിച്ചവയാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## PRAGATI SPECIAL STORY

സമയബന്ധിതമായ പദ്ധതിനിർവഹണം ഉറപ്പാക്കാൻ 2015ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആരംഭിച്ച പ്രഗതി സംരംഭം 50-ാമത് അവലോകന യോഗം പൂർത്തിയാക്കിയതോടെ ഒരു സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. മഹാരാഷ്ട്രയിലെ വിദർഭ മേഖലയിലെ കാർഷിക വികസനത്തിന് നിർണായകമായ ബെംബ്ല ജലസേചന പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിഞ്ഞത് പ്രഗതിയുടെ ഫലപ്രാപ്തിയുടെ പ്രധാന ഉദാഹരണമായി കണക്കാക്കപ്പെടുന്നു. 2007ൽ

അനുവദിച്ചെങ്കിലും നീണ്ടുപോയ പദ്ധതി 2025 ജൂൺ 30ന് കമ്മീഷൻ ചെയ്തു.